(സി) മുൻഗണനാപട്ടിക പ്രകാരം പണിപൂർത്തിയാക്കിയതും പണി നടന്നുകൊണ്ടിരിക്കുന്നതും ഒഴിച്ച് 1388 സ്കൂളുകൾക്ക് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ട്.

## പ്രീഡിഗ്രി വിദ്യാഭ്യാസം സെക്കൻററി സ്കൂളുകളിലേക്ക് മാറ്റുമ്പോൾ ആവശ്യമായി വരുന്ന അദ്ധ്യാപകർ

153 [166] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് തലത്തിൽ നടക്കുന്ന പ്രീഡിഗ്രി ക്ലാസ്സുകൾ സെക്കൻററി തലത്തിലേക്കു മാറ്റുമ്പോൾ സെക്കൻററി സ്കൂളുകളിൽ ആവശ്യമായി വരുന്ന അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) അവർക്കു ശമ്പളമിനത്തിലും മറ്റും വരുന്ന ചെലവ് എത്ര;

(ഡി) അവർക്ക് സർക്കാർ ഖജനാവിൽ നിന്നാണോ ശമ്പളം നൽകേണ്ടത്;

(ഇ) യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ സഹായം ഇതിനായി ലഭിക്കുമോ?

ഉത്തരം

(എ, ബി, സി, ഡി) പ്രീഡിഗ്രി ക്ലാസ്സുകൾ സെക്കൻററി തലത്തിലേയ്ക്ക് മാറ്റുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടില്ല.

(ഇ) പ്രീഡിഗ്രിതല വിദ്യാഭ്യാസത്തിന് യു.ജി.സി. സഹായം ലഭ്യമല്ല.

## പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെ നടക്കുന്ന സമരം

154 [167] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെ സമരം എന്നു മുതലാണ് ആരംഭിച്ചത്;

(ബി) ഇതു സംബന്ധിച്ച് ഗവൺമെൻറിന് സമരത്തിലേർപ്പെട്ടിരിക്കുന്നവർ നിവേദനം എന്തെങ്കിലും നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്;

(ഡി) ബോർഡ് രൂപീകരിക്കണമെന്ന് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ നിർദ്ദേശം ഇൻഡ്യയിൽ ഇനി നടപ്പാക്കേണ്ട എത്ര സംസ്ഥാനങ്ങൾ ഉണ്ട് എന്ന് പറയാമോ;

(എഫ്) ബോർഡ് രൂപീകരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും എന്തെല്ലാമാണ്?

ഉത്തരം

(എ) 16-8-1986-മുതൽ സർവ്വകലാശാല ജീവനക്കാർ സമരമാരംഭിച്ചു.

(ബി) ഉണ്ട്.

(സി) (1) പ്രീഡിഗ്രി ബോർഡും ഓപ്പൺ യൂണിവേഴ്സിറ്റിയും ആരംഭിക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക.

(2) കൊച്ചി സർവ്വകലാശാലയുടെ ജനാധിപത്യ ഘടന പുനഃസ്ഥാപിക്കുക.

(3) ഇതേപ്പറ്റിയുള്ള പ്രശ്നങ്ങൾ സമര സമിതിയുമായി ചർച്ച ചെയ്യുക.

(ഡി) +2 വിദ്യാഭ്യാസം ഒരു പ്രത്യേക സംവിധാനത്തിൻ കീഴിൽ കൊണ്ടുവരണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ലഭ്യമായ വിവരമനുസരിച്ച് കേരളം മാത്രമാണ് ഇനി അവശേഷിക്കുന്നത്.

(എഫ്) അഖിലേന്ത്യാ തലത്തിൽ +2 കോഴ്സ് ഒരു പ്രത്യേക സംവിധാനത്തിൻകീഴിലാണ്. ആ പദ്ധതി ഇവിടെയും നടപ്പിലാക്കുക.

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുക. സർവ്വകലാശാലകളെ ഡിഗ്രി, റിസർച്ച് വിഭാഗങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിപ്പിക്കുക.

വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം കോളേജ് ലക്ച്ചർ ക്ലാസ്സുകളിൽ നിന്നും വ്യത്യസ്തമായി, ക്ലാസ്സ് റൂം ലവലിൽ വ്യക്തിപരമായ ശ്രദ്ധ ലഭിക്കാനുള്ള സാഹചര്യമുണ്ടാകും.

പ്രീഡിഗ്രിയെ സംബന്ധിച്ചിടത്തോളം ഏകീകൃത സിലബസും കരിക്കുലവും പരീക്ഷ നടത്തിപ്പും സംസ്ഥാനമൊട്ടാകെ ഒരു പ്രത്യേക സംവിധാനത്തിലാക്കുക.

കൃത്യമായി പ്രീഡിഗ്രി പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം സമയത്തു നടത്തുക.

(ജി) പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കാനുള്ള പദ്ധതി തയ്യാറാക്കാൻ കേരള, കോഴിക്കോട്, ഗാന്ധിജി എന്നീ സർവ്വകലാശാലകളിലെയും വൈസ്ചാൻസ്ലർമാരടങ്ങുന്ന കമ്മിറ്റിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ കമ്മിറ്റി വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ പരിഗണിക്കുന്നതാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ മറ്റു വിശദവിവരങ്ങൾ തീരുമാനിക്കാൻ സാദ്ധ്യമാകുകയുള്ളൂ.

പ്രീഡിഗ്രി ബോർഡ് രൂപീകരിക്കണമെന്നാവശ്യപ്പെട്ട വിദ്യാർത്ഥി സംഘടന

155 [168] ശ്രീ. പി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പ്രീഡിഗ്രി ബോർഡ് രൂപീകരിക്കണമെന്ന് ഏതെങ്കിലും വിദ്യാർത്ഥി സംഘടനകൾ ആവശ്യപ്പെട്ടിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly